**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2054** **03-03-2025 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | രാജ്യത്താകെ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് എന്തെല്ലാം ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | രാജ്യത്താകെ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തും ആയതിന്റെ പ്രതിഫലനം കാണാവുന്നതാണ്. വർദ്ധിച്ച വരുന്ന സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനും, തടയുന്നതിനും, വിശകലനം ചെയ്യുന്നതിനും, കേസുകളിൽ ആവശ്യമായ പിന്തുണ നൽകുന്നതിനുമായി ഐജിപി സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ എസ്.പി സൈബർ ഓപ്പറേഷൻസ്, ഡി വൈ എസ് പി സൈബർ ഓപ്പറേഷൻസ്, ഡി വൈ എസ് പി റിസർച്ച് ആന്റ് അനാലിസിസ് എന്നിവരുടെ നേതൃത്വത്തിൽ സൈബർ ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. സൈബർ ഓപ്പറേഷൻസിനു കീഴിൽ പബ്ലിക് ഔട്ട്റീച്ച് ഗ്രൂപ്പ്, സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ ഗ്രൂപ്പ്, സൈബർ സെക്യൂരിറ്റി ആൻഡ് അഡ്വാൻസ് ക്രൈം ഗ്രൂപ്പ് എന്നീ വിഭാഗങ്ങളും റിസർച്ച് ആന്റ് അനാലിസിസ് വിഭാഗത്തിന്റെ കീഴിൽ സൈബർ ഡോം, അനാലിസിസ് വിംഗ്, ട്രെയിനിങ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് വിഭാഗം എന്നിവയും പ്രവർത്തിച്ചുവരുന്നു.<br><br>സൈബർ കുറ്റാന്വേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവരശേഖരണത്തിനുമായി സൈബർ പട്രോൾ വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>സൈബർ കുറ്റകൃത്യങ്ങൾക്ക് ഇടയാക്കിയേക്കാവുന്ന വെബ്സൈറ്റുകളും അനധികൃത ഓൺലൈൻ ആപ്പുകൾ / സോഷ്യൽ മീഡിയ അക്കൗണ്ട് /പോസ്റ്റ് / പേജ് മുതലായവ സൈബർ പട്രോളിങ്ങിലൂടെ കണ്ടെത്തി സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിലും സൈബർ പട്രോളിങ്ങിലൂടെ തട്ടിപ്പിനുപയോഗിച്ചു എന്ന് കണ്ടെത്തിയ 32670 വെബ് സൈറ്റുകളും 3172 അനധികൃത ഓൺലൈൻ ആപ്പുകളും നിർജീവമാക്കിയിട്ടുണ്ട്.<br><br>സൈബർ സാങ്കേതിക മേഖലയിലെ പുതിയ അറിവുകൾ പകർന്നു നൽകുന്നതിനായി 2538 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് ലഭിക്കുന്ന മെസേജുകൾ, യു.ആർ.എൽ, ഇ-മെയിൽ, സോഷ്യൽ മീഡിയ വിവരങ്ങൾ എന്നിവ വ്യാജമാണോ എന്ന് പരിശോധിച്ച് പൊതുജനങ്ങളെ സൈബർ തട്ടിപ്പുകളിൽ നിന്നും സംരക്ഷിക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൈബർ വാൾ പ്രോജക്റ്റ് വികസിപ്പിക്കുവാൻ കേരള പോലീസ് ലക്ഷ്യമിടുന്നു. |
| (ബി) | വെർച്ചൽ അറസ്റ്റ് പോലുള്ള സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനും തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ; | (ബി) | വെർച്ചൽ അറസ്റ്റുമായി ബന്ധപ്പെട്ട് നാഷണൽ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ (NCRP) രജിസ്റ്റർ ചെയ്യുന്ന പരാതികൾ അതാത് പോലീസ് സ്റ്റേഷനുകളിൽ അയച്ചുനൽകി ആയതിന്റെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇത്തരം തട്ടിപ്പുകളിലും മറ്റ് സാമ്പത്തിക തട്ടിപ്പുകളിലും ഉൾപ്പെടുന്ന 43,896 ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചു, 16,819 മൊബൈൽ നമ്പറുകളും 49,830 ഡിവൈസുകളും പ്രവർത്തനരഹിതമാക്കിയിട്ടുണ്ട്. വെർച്ചൽ അറസ്റ്റിനായി ഉപയോഗിച്ച സുപ്രീംകോടതിയുടെ പേരിലുള്ള 32 വ്യാജ വെബ്സൈറ്റുകളും 764 സ്കൈപ്പ് ഐഡികളും സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.<br><br>സൈബർ ഡിവിഷന് കീഴിൽ പ്രവർത്തിക്കുന്ന അനാലിസിസ് വിംഗ്, ഇത്തരം സംഘങ്ങളെ നിരീക്ഷിക്കുകയും ജില്ലാ പോലീസ് മേധാവികൾക്ക് വിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. കൂടാതെ അപരിചിതരിൽ നിന്നുള്ള ഫോൺ കോളുകളിലും സന്ദേശങ്ങളിലും ജാഗ്രത പാലിക്കുക, വ്യക്തിഗത വിവരങ്ങളോ സാമ്പത്തിക വിവരങ്ങളോ ആരുമായും പങ്കുവെക്കാതിരിക്കുക, സംശയാസ്പദമായ കോളുകളോ സന്ദേശങ്ങളോ ലഭിച്ചാൽ ഉടൻ തന്നെ പോലീസിൽ അറിയിക്കുക തുടങ്ങിയ സന്ദേശങ്ങൾ വിവിധ നവമാധ്യമങ്ങളിലൂടെ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിദേശരാജ്യങ്ങൾ കേന്ദ്രീകരിച്ചും ഇതരസംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചും നടത്തുന്ന സൈബർ തട്ടിപ്പുകൾ തടയുന്നതിന് കേന്ദ്രസർക്കാർ ഏജൻസികളുടെ സഹായം ലഭിക്കുന്നുണ്ടോ; | (സി) | ഉണ്ട്. വിദേശരാജ്യങ്ങൾ കേന്ദ്രീകരിച്ചും ഇതരസംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചും നടത്തുന്ന സൈബർ തട്ടിപ്പുകൾ തടയുന്നതിന് ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ (14C) യുമായും ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റുമായും (FIU) സഹകരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ഡി) | രാജ്യാന്തരതലത്തിൽ നടത്തുന്ന ഇത്തരം സൈബർ തട്ടിപ്പുകൾ ഫലപ്രദമായി തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | വിദേശ ഐപി ഉപയോഗിച്ച് കറന്റ് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നത് നിയന്ത്രിക്കണമെന്നും, കറന്റ് അക്കൗണ്ടിലൂടെ നടത്തുന്ന പണമിടപാടുകൾക്ക് പരിധി ഏർപ്പെടുത്തണമെന്നും, വൈറ്റ് ലിസ്റ്റ് ചെയ്ത സിസ്റ്റത്തിലൂടെ മാത്രം ബാങ്ക് ഇടപാടുകൾ നടത്തണമെന്നും, ബാങ്ക് അക്കൗണ്ടുകൾക്ക് ക്രെഡിബിലിറ്റി സ്കോർ നൽകി കുറഞ്ഞ ക്രെഡിബിലിറ്റി സ്കോർ ഉള്ള അക്കൗണ്ടുകളിലേക്ക് പണം അയക്കുന്നതിന് മുമ്പ് ഇടപാടുകാർക്ക് മുന്നറിയിപ്പ് നൽകുന്ന സംവിധാനം ആവിഷ്കരിക്കണമെന്നും അഭ്യർത്ഥിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനും, ഓൺലൈൻ ലോൺ ഇടപാട് നടത്തിയ വ്യക്തികളിൽ നിന്നും അനധികൃത മാർഗ്ഗങ്ങളിലൂടെ പണം തിരികെ പിടിക്കുന്ന ലോൺ ആപ്പുകൾ ലൈസൻസ് നടപടികൾക്ക് വിധേയമായി പ്രവർത്തിക്കുന്നവയാണോ എന്ന് പരിശോധിക്കുന്നതിനും അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യക്കും കത്തുകൾ നൽകിയിട്ടുണ്ട്. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തു നടന്ന സൈബർ തട്ടിപ്പുകൾ കണ്ടെത്തുന്നതിലും തടയുന്നതിലും കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ? | (ഇ) | തട്ടിപ്പുകാരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും, മൊബൈൽ നമ്പറുകളും ഉപകരണങ്ങളും പ്രവർത്തനരഹിതമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>അപരിചിതരിൽ നിന്നുള്ള ഫോൺ കോളുകളിലും സന്ദേശങ്ങളിലും ജാഗ്രത പാലിക്കുക, വ്യക്തിഗത വിവരങ്ങളോ സാമ്പത്തിക വിവരങ്ങളോ ആരുമായും പങ്കുവെക്കാതിരിക്കുക, സംശയാസ്പദമായ കോളുകളോ സന്ദേശങ്ങളോ ലഭിച്ചാൽ ഉടൻ തന്നെ പോലീസിൽ അറിയിക്കുക തുടങ്ങിയ സന്ദേശങ്ങൾ/ മുന്നറിയിപ്പുകൾ വിവിധ നവമാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് നൽകിവരുന്നു.<br><br>പൊതുജനങ്ങൾക്ക് ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി NCRP (National Cyber Crime Reporting Portal) യുടെ ടോൾഫ്രീ നമ്പറായ 1930 24x7 മണിക്കൂറും പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | തട്ടിപ്പുകാരുടെ ബാങ്ക് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്ത് തട്ടിയെടുത്ത തുകകൾ തിരിച്ച് പിടിയ്ക്കുന്നതിനായുള്ള ബാങ്ക് ലെയ്സൺ നടപടികൾ സ്വീകരിച്ച് വരുന്നു. തട്ടിപ്പുകാർ ഉപയോഗിച്ചുവന്നിരുന്ന മൊബൈൽ സിം കാർഡ്, ഡിവൈസ് IMEI നമ്പറുകൾ ബ്ലോക്ക് ചെയ്ത് പ്രവർത്തനരഹിതമാക്കിയിട്ടുണ്ട്. തട്ടിപ്പുകാർ സ്ഥിരമായി ഉപയോഗിച്ചുവന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ (Mule Accounts) ബ്ലോക്ക്/ഫ്രീസ് ചെയ്യുന്ന പ്രവർത്തനവും നടത്തി വരുന്നു.<br><br>സൈബർ തട്ടിപ്പുകൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് കേരള പോലീസ് നടത്തിയ അറസ്റ്റ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| SL NO | DPC | Police Station | Crime No. | Brief Of the Case | Amount Details | |
|---|---|---|---|---|---|---|
| | | | | | Lost | Recovered |
| 1 | KSGD | CYBER PS | 08/24 | 23.03.2024 മുതൽ 17.05.2024 വരെയുള്ള ദിവസങ്ങളിലായി കാസർഗോഡ് പടന്ന ഗ്രാമത്തിൽ പടന്ന എന്ന സ്ഥലത്ത് താമസിക്കുന്ന അന്യായക്കാരനെ പ്രതികൾ J M STOCK MARKET പ്രതിനിധികൾ ആണെന്ന് തെറ്റിദ്ധരിപ്പിച്ച് HCL Tech എന്ന കമ്പനിയുടെ ഓഹരികൾ വാങ്ങി നൽകുമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് പല ദിവസങ്ങളിലായി ആകെ 72,65,399/- രൂപ അയപ്പിച്ചതിൽ 77,627/-രൂപ കഴിച്ച് 71,87,772/-രൂപയും ലാഭവിഹിതവും നൽകാതെ തട്ടിയെടുത്ത് ചതി ചെയ്തു.<br>1. ഹമ്മാദ് സയിദ്-,2..ഗണേശൻ വി എന്നീ തമിഴ്നാട് സ്വദേശികളെ 20.08.2024-ൽ കോഴിക്കോട് നിന്നും അറസ്റ്റ് ചെയ്തു. | 71,87,772.00 | 9,06,000.00 |
| 2 | TSR RL | CYBER PS | 09/2022 | 16.10.2022-ൽ 16.50 മണിക്ക് ആവലാതിക്കാരന്റെ മൊബൈൽ ഫോണിലേക്ക് SBI YONO ഒറിജിനൽ സൈറ്റിൽ നിന്നെന്ന വ്യാജേന ആൾമാറാട്ടം നടത്തി പാൻ കാർഡ് Update ചെയ്യുന്നതിനുള്ള ഒരു ടെക്സ്റ്റ് മെസേജ് വഴി ലിങ്ക് അയച്ച് അതിലൂടെ ആവലാതിക്കാരനിൽ നിന്നും YONO നെറ്റ് ബാങ്കിങ്ങിൻറെ തിരിച്ചറിയൽ രേഖയായ യൂസർ ഐഡിയും പാസ്സ് വേഡും പരാതിക്കാരന്റെ വ്യക്തിഗത തിരിച്ചറിയൽ രേഖയായ പാൻ നമ്പറും ഫോണിൽ വന്ന OTP നമ്പറും ദുരുദ്ദേശപരമായും കൃത്രിമമായും കൈവശപ്പെടുത്തി ആവലാതിക്കാരന്റെ പേരിലുള്ള BI കാട്ടൂർ ബ്രാഞ്ചിലെ സേവിങ്ങ്സ് Accountൽ നിന്നും Rs-531994/- രൂപ WDL TFR INB Samsung India E1 4599575162090 AT 99922 INTERNEY BA Account ലേക്ക് ചതിചെയ്ത് ട്രാൻസ്ഫർ ചെയ്ത് എടുത്ത കാര്യം.<br>വെസ്റ്റ് ബംഗാൾ സ്വദേശികളായ സൈമൺ ലാൽ - നെ 24.01.2023 നും.സഞ്ചയ് മണ്ഡൽ -നെ 05.07.2023 തീയതികളിലായി കൽകത്തയിൽ വെച്ച് അറസ്റ്റ് ചെയ്തിട്ടുണ്ട്. | 5,31,994.00 | NIL |
| 3 | ALPY | CYBER CRIME PS ALAPPUZHA | 03/2024 | 11.11.2023-ൽ ആവലാതിക്കാരന്റെ 9447449015 എന്ന മൊബൈൽ നമ്പരിൽ ക്രിയേറ്റ് ചെയ്തിരിക്കുന്ന വാട്ട്സ് ആപ്പിലേയ്ക്ക് Sequoia Capital Stock Trading Department എന്ന സ്ഥാപനത്തിന്റെ CEO ആണെന്നു പറഞ്ഞ് ആൾമാറാട്ടം നടത്തി 9366275423 എന്ന വാട്ട്സ് ആപ്പിലൂടെ ബന്ധപ്പെട്ട് ഓൺലൈൻ ഷെയർ ട്രേഡിംങ് നടത്തി ലാഭം നേടാമെന്നു പറഞ്ഞു വിശ്വസിപ്പിച്ച ശേഷം ആവലാതിക്കാരനെ കൊണ്ടു ആവലാതിക്കാരന്റെ പേരിലുള്ള വിവിധ ബാങ്കുകളിലുള്ള അക്കൗണ്ടിൽ നിന്നും, പ്രതിയുടെ ഉപയോഗത്തിലുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് 01.12.2023 മുതൽ 20.01.2024 വരെയുള്ള വിവിധ തീയതികളിൽ 32 ഇടപാട് വഴി ആകെ 2,67,00,000/- രൂപ (രണ്ടു കോടി അറുപത്തി ഏഴ് ലക്ഷം രൂപ) പ്രതി ആൾമാറാട്ടം നടത്തി ചതി ചെയ്ത് വിശ്വാസവഞ്ചനയിലൂടെ പണം അയച്ചു വാങ്ങിയും വാങ്ങിയ പണം തിരികെ കൊടുക്കാതെ വഞ്ചനാപരമായി ദുർവിനിയോഗം ചെയ്തും വഞ്ചിച്ചു എന്നുള്ളത്.<br>1.അബ്ദുൾ വാജിദ്, 2.ഹാരിസ്, 3. മുഹമ്മദ് സവാദ് എന്നിവരെ ആലപ്പുഴയിൽ നിന്ന്03.03.2024 നും, 4.ആദിൽ പി കെ , 5.സുഹൈൽ പി എന്നിവരെ ആലപ്പുഴയിൽ നിന്ന് 20.03.2024 നും, 6.പ്രിതോഷ് സചിന്ദ്ര ദാസ് വെസ്റ്റ് ത്രിപുര -യെ 14.08.2024 ന് മുബൈൽ നിന്നും,7.മുഹമദ് മിസ്ഫിർ -നെ ആലപ്പുഴയിൽ നിന്ന് 20.10.2024 നും അറസ്റ്റ് ചെയ്തിട്ടുണ്ട്. | 2,67,00,000.00 | 10,66,541.00 |

| | | | | | | |
|---|---|---|---|---|---|---|
| 4 | MLPM | CYBER CRIME PS | 02/2022 | മഞ്ചേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിലുള്ള SB അക്കൗണ്ടുകളിൽ നിന്നും കസ്റ്റമർ അറിയാതെ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ച് 13/08/2022 തിയതി മുതൽ 16/08/2022 വരെയുള്ള അവധി ദിനങ്ങളിൽ IMPS മുഖേന 69,40,229/-(അറുപത്തി ഒൻപത് ലക്ഷത്തി നാല്പതിനായിരത്തി ഇരുനൂറ്റി ഇരുപത്തി ഒൻപത് രൂപ) ആരോ അനധികൃതമായി പിൻവലിച്ച് ചതിച്ചു.<br>1.വിമല - തമിഴ്നാട് നെ 25.03.2024 ന തമിഴ്നാട്ടിൽ നിന്നും അറസ്റ്റ് ചെയ്തു<br>2.ഇമാകലേറ്റ് ചൈനെസ-യെ 31.08.2022 ൽ ഡൽഹിയിൽനിന്നും അറസ്റ്റ് ചെയ്തു.<br>3.ഇകേന കോസ്മോസ് നെ 31.08.2022 ൽ ഡൽഹിയിൽനിന്നും അറസ്റ്റ് ചെയ്തു. | 69,40,229.00 | 4,93,668.00 |
| 5 | EKM CTY | CYBER PS | 48/2024 | പ്രതിയ്ക്ക് ആവലാതിക്കാരനെ ചതി ചെയ്ത് അന്യായ ലാഭം ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി ബജാജ് ഫിൻസെർവിന്റെ ആപ്പിലൂടെ ഷെയർ ട്രേഡിങ്ങ് നടത്തിയാൽ ഉയർന്ന ലാഭം ലഭിക്കമെന്ന് വാട്ട്സാപ്പ് വഴി ചാറ്റ് ചെയ്ത് വിശ്വസിപ്പിച്ച്, 26.09.2024 മുതൽ 09.12.2024 വരെയുള്ള കാലയളവിൽ വിവിധ തവണകളിലായി 4,05,81351/- രൂപ ബജാജ് ഫിൻസെർവിൻേറതെന്ന് പറയുന്ന Br-Block Pro ആപ്പിലൂടെ നിക്ഷേപിപ്പിച്ച് കൈപ്പറ്റിയ ശേഷം വാഗ്ദാനം ചെയ്ത ലാഭമോ നിക്ഷേപിച്ച തുകയോ തിരികെ നൽകാതെ ചതി ചെയ്ത കാര്യം<br>1.മുഹമദ് മുഹസിൻ നെ 27.01.2025 ന് കണ്ണൂരിലെ കണ്ണാപുരത്തു നിന്നും അറസ്റ്റ് ചെയ്തു.<br>2.മുഹമദ് റാസി നെ 27.01.2025 ന് കണ്ണൂരിലെ കണ്ണാപുരത്തു നിന്നും അറസ്റ്റ് ചെയ്തു.<br>3.മുഹമദ് ഷംഷാദ് നെ 27.01.2025 ന് കണ്ണൂരിലെ തളിപ്പറമ്പിൽ നിന്നും അറസ്റ്റ് ചെയ്തു. | 4,05,81,351.00 | NIL |
| 6 | EKM CTY | THRIKKAKARA PS | 918/2024 | ആവലാതിക്കാരിയുടെ പേരിൽ ഡൽഹി ICICI ബാങ്കിൽ ആവലാതിക്കാരിയ്ക്ക് അറിയാത്ത അക്കൗണ്ട് ഉണ്ടെന്നും ആയത് ഉപയോഗിച്ച് സന്ദീപ് കുമാർ എന്നയാൾ നിയമവിരുദ്ധ സാമ്പത്തിക ഇടപാടുകളിലൂടെ മനുഷ്യക്കടത്തും ലഹരികടത്തും നടത്തുന്ന കാര്യത്തിന് ആവലാതിക്കാരിക്കെതിരെ ഡൽഹി പോലീസിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ആയതിൽ ആവലാതിക്കാരിയുടെ പേരിലുള്ള മറ്റ് ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ച് അക്കൗണ്ടുകളിലെ ക്യാഷ് ലീഗൽ ആണെന്ന് ഉറപ്പ് വരുത്തുന്നതിന് ആവലാതിക്കാരിയുടെ പേരിലുള്ള അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്ന ക്യാഷ് മുഴുവനും അവർക്ക് അയച്ച് കൊടുക്കണമെന്നും കേസു B തീരുന്ന മുറയ്ക്ക് വാങ്ങിയ ക്യാഷ് തിരികെ നൽകാമെന്നും മറ്റും വാട്സ്അപ്പിലൂടെ പറഞ്ഞ് വിശ്വസിപ്പിച്ച് ആവലാതിക്കാരിയുടെ അക്കൗണ്ടിലെ ക്യാഷ് അയച്ച് കൊടുക്കാത്ത പക്ഷം അറസ്റ്റ് ചെയ്യുമെന്നും ഭീഷണി പെടുത്തി ആവലാതിക്കാരിയുടെ പേരിലുള്ള മൂന്ന് SBI അക്കൗണ്ടുകളിൽ നിന്ന് 4,11,900,94/-രൂപ 7 തവണകളായി 16.10.2024 മുതൽ 21.10.2024 തീയതി വരെയുള്ള കാലയളവിൽ ചതി ചെയ്ത് ഓൺലൈനിലൂടെ ട്രാൻസ്ഫർ ചെയ്യ്ത് വാങ്ങിയ ശേഷം ക്യാഷ് തിരികെ നൽകാതെ വിശ്വാസ വഞ്ചനയിലൂടെ ചതി ചെയ്ത കാര്യം അറസ്റ്റ് ചെയ്തവരുടെ വിവരം ചുവടെ ചേർക്കുന്നു<br>1.മുഹമദ് മുഫാസിൽ എം, 2.മിഷാപ് കെ പി എന്നിവരെ മലപ്പുറത്തുനിന്നും 30.11.2024 തീയതിയിലും .3.ലീൻഗൊൺ ബിശ്വാസ് നെ വെസ്റ്റ് ബംഗാളിൽ ലെ കൃഷ്ണഗഞ്ച് നിന്നും 22.12.2024-നും അറസ്റ്റ് ചെയ്തിട്ടുണ്ട്. | 4,11,90,094.00 | 43,15,264.00 |

Rejithy

സെക്ഷൻ ഓഫീസർ